പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 817

25/07/2012-ൽ
മറുപടിയ്ക്ക്

**ക്ഷേത്രം വക ഭൂമി അന്യാധീനപ്പെടുത്തുന്നത് തടയാൻ നടപടികൾ**

ചോദ്യം

ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. പുരുഷൻ കടലുണ്ടി

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

(എ) സപ്തധാരാ പദ്ധതിയിൽ ക്ഷേത്രം വക ഭൂമി അന്യാധീനപ്പെടുത്തുന്നത് തടയാൻ എന്തൊക്കെ പരിപാടികളാണ് പ്രഖ്യാപിച്ചിരുന്നത്; വിശദാംശം നൽകുമോ;

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ വക ക്ഷേത്രങ്ങളുടെ ഭൂമി അന്യാധീനപ്പെടുന്നതു തടയാനും അന്യാധീനപ്പെട്ടവ തിരിച്ചെടുക്കുന്നതിനുമായി 15/10/2008 മുതൽ സ്പെഷ്യൽ തഹസിൽദാർമാരുടെ കീഴിൽ ദേവസ്വം ബോർഡ് ചെലവു വഹിച്ചുകൊണ്ട് ദേവസ്വം ഭൂ സംരക്ഷണ വിഭാഗം പ്രവർത്തിച്ചുവരുന്നു. ഈ ഓഫീസ് ദേവസ്വം ഭൂമിയിലെ കൈയ്യേറ്റങ്ങൾ പരിശോധിച്ച് ദേവസ്വം ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ നടത്തിവരികയാണ്. സപ്തധാര പദ്ധതിയിൽ രൂപീകരിക്കുന്ന സെൽ മേൽപ്പറഞ്ഞ ദേവസ്വം ഭൂ സംരക്ഷണ വിഭാഗത്തിൽ പ്രവർത്തനം ത്വരിതപ്പെടുത്താനും തടസ്സങ്ങൾ മാറ്റാനുമുള്ള എല്ലാവിധ മാർഗ്ഗ നിർദ്ദേശങ്ങളും സഹായ സഹകരണങ്ങളും നൽകിവരുന്നുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിൻെറ അധീനതയിലുള്ള ക്ഷേത്ര ഭൂമികൾ അന്യാധീനപ്പെട്ടത് വീണ്ടെടുക്കുന്നതിനും തുടർന്ന് അന്യാധീനപ്പെടാതിരിക്കുന്നതിനും വേണ്ടി 2006 ജൂൺ മാസം ദേവസ്വം ബോർഡിൻെറ അധീനതയിൽ സ്പെഷ്യൽ തഹസിൽദാർ ഓഫീസ് നിലവിൽ വന്നു. ഈ ഓഫീസ് മുഖേന 83 ക്ഷേത്ര ഭൂമികൾ അളന്നു തിട്ടപ്പെടുത്തുകയുണ്ടായി.

മലബാർ ദേവസ്വം ബോർഡിൽ സപ്തധാര പദ്ധതിയിൽ ക്ഷേത്രങ്ങളിൽ ഇൻവെൻററി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ക്ഷേത്ര ഭൂമി അന്യാധീനപ്പെടുത്തുന്നത് തടയുന്നത് സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിന് മുമ്പ് ഹിന്ദുമതധർമ്മസ്ഥാപന (ഭരണ) വകുപ്പ് നിലവിലിരുന്ന കാലത്ത് ആരംഭിച്ച നടപടികൾ തുടർന്നുവരുന്നുണ്ട്.

(ബി) പ്രസ്തുത നടപടികളിലൂടെ അന്യാധീനപ്പെട്ട എത്ര ഏക്കർ ഭൂമി തിരികെ പിടിച്ചു;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭൂ സംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാരുടെ പ്രവർത്തന ഫലമായി 15/10/2008 മുതൽ 30/06/2012 വരെയുള്ള കാലഘട്ടത്തിൽ 34 ദേവസ്വങ്ങളുടെ കേസ്സുകളിലായി 12.50 ഏക്കർ ക്ഷേത്ര ഭൂമി കൈയ്യേറ്റം ഒഴിപ്പിച്ച് വീണ്ടെടുത്ത് ദേവസ്വത്തോടു ചേർത്തിട്ടുണ്ട്. 50-ഓളം ദേവസ്വങ്ങളുടെ കേസ്സുകളിൽ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിൽ അന്യാധീനപ്പെട്ട 2.0011 ഹെക്ടർ ഭൂമി തിരികെ പിടിച്ചെടുത്തിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിൽ സ്പെഷ്യൽ ടീം സർവ്വേ നടത്തിയതിൽ 3.31 ഏക്കർ ഭൂമി തിരിച്ചു പിടിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(സി) ഇനി എത്ര ഏക്കർ ഭൂമി തിരികെ പിടിക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വൻകിട കയ്യേറ്റക്കാർ ആരൊക്കെയെന്ന് അറിയിക്കുമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 182-ഓളം ഏക്കർ ദേവസ്വം ഭൂമി കൈയ്യേറ്റം ഒഴിപ്പിച്ച് തിരികെ എടുക്കാനുണ്ട്. വൻകിട കൈയ്യേറ്റക്കാരെ ഇതു വരെയുള്ള ഭൂസംരക്ഷണ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

കൊച്ചിൻ ദേവസ്വം ബോർഡിൽ വിവിധ ഇനങ്ങളിലായി 3.9999 ഹെക്ടർ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ തുടർന്നുവരുന്നു.

മലബാർ ദേവസ്വം ബോർഡിൽ ലഭ്യമായ കണക്കുകൾ പ്രകാരം 24689.93 ഏക്കർ ഭൂമി തിരികെ പിടിക്കാനുള്ളതായി കാണുന്നു.

(ഡി) പ്രസ്തുത ഭൂമി സമയബന്ധിതമായി തിരികെ പിടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർമാരുടെയും സപ്തധാര പദ്ധതി പ്രകാരം ഉള്ള സെല്ലിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കി അന്യാധീനം തടയുന്നതിനും കൈയ്യേറ്റത്തിൽപ്പെട്ട ദേവസ്വം ഭൂമി ഒഴിപ്പിച്ച് ഏറ്റെടുത്തതുൾപ്പെടെയുള്ള ദേവസ്വം ഭൂമിയിൽ ചുറ്റു മതിലോ മുള്ളുവേലിയോ കെട്ടി അടമാനം വരുത്തി സംരക്ഷിക്കുന്നതിന് മരാമത്തു വിഭാഗത്തിൽ നിന്നും നടപടികൾ എടുത്തുവരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിൽ ഭൂമി സർവ്വെ ചെയ്ത് അതിർത്തി നിശ്ചയിക്കുകയും കയ്യേറ്റ ഭൂമിയുടെ സ്കെച്ച്, മഹസ്സർ തയ്യാറാക്കി സ്പെഷ്യൽ തഹസിൽദാർ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അധികാരം ഉപയോഗിച്ച് നിയമാനുസൃതമായ നോട്ടീസുകൾ നൽകി ഏറ്റെടുക്കൽ നടപടികൾ തുടർന്നുവരുന്നു.

മലബാർ ദേവസ്വം ബോർഡിനു കീഴിൽ കോഴിക്കോട് Verification Officer for Jewels & Valuables -നെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് സമർപ്പിക്കുയും ചെയ്തിട്ടുണ്ട്. പാട്ടത്തിനു നൽകിയ ദേവസ്വം ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനായി നിലവിൽ കോടതിയിൽ വ്യവഹാരങ്ങൾ നടന്നുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ